ഉത്തരം

(എ) സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളും അടയ്ക്കേണ്ട വിറ്റുവരവ് നികുതി നിലവിലുള്ള നിയമപ്രകാരം മൊത്തം വിറ്റുവരവിന്റെ 5% (അഞ്ചു ശതമാനം) ആണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് മദ്യ വിൽപ്പനയിലൂടെ പിരിഞ്ഞു കിട്ടിയ തുക

32 [3318] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 വർഷങ്ങളിൽ വിൽപ്പന നികുതി, കാർഷികാദായനികുതി എക്സൈസ് തീരുവ വഴി എത്ര കോടി രൂപ പിരിഞ്ഞു കിട്ടി;

(ബി) ഇവയിൽ ഐ.എം.എഫ്.എൽ. വിൽപ്പന വഴി ഈ വർഷത്തിൽ എത്ര തുക പിരിഞ്ഞു കിട്ടി, ബിവറേജസ് കോർപ്പറേഷൻ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി, ബാറുകളിലെ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി, കള്ളുഷാപ്പുകളിലെ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി എന്ന് വ്യക്തമാക്കുമോ; സംസ്ഥാന മദ്യ വിൽപ്പന എത്ര എന്ന വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) 2001-2002-നെ അപേക്ഷിച്ച് 2002-2003-ൽ എത്ര രൂപയുടെ വിൽപ്പന നികുതി വർദ്ധനവുണ്ടായി എന്നും ഇവ ഓരോ വിഭാഗത്തിലും എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഗവൺമെന്റ് സ്വകാര്യ മദ്യവിൽപ്പന നിരോധിച്ച് ബിവറേജസ് കോർപ്പറേഷൻ വഴി മദ്യ വിൽപ്പന ഏർപ്പെടുത്തിയതിന്റെ ഫലമായി എത്ര കോടി രൂപയുടെ വിൽപ്പന നികുതി വർദ്ധനവ് ഈ മേഖലകളിലുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002-ൽ വിൽപ്പന നികുതി ഇനത്തിൽ 4440.85 കോടി രൂപയും, കാർഷികാദായ നികുതി ഇനത്തിൽ 1.87 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 287.01 കോടി രൂപയും പിരിഞ്ഞു കിട്ടി. 2002-2003 വർഷത്തിൽ വിൽപ്പന നികുതി ഇനത്തിൽ 5380.63 കോടി രൂപയും, കാർഷികാദായ നികുതി ഇനത്തിൽ 6.76 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 308.55 കോടി രൂപയും പിരിഞ്ഞു കിട്ടി.

(ബി) ഐ.എം.എഫ്.എൽ. വിൽപ്പന വഴി 2001-2002 വർഷത്തിൽ മൊത്തം 285.01 കോടി രൂപയും, 2002-03 വർഷത്തിൽ മൊത്തം 305.85 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. മുഴുവൻ വിദേശമദ്യവും ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനാൽ ടി തുക പ്രസ്തുത കോർപ്പറേഷൻ വഴി ആണ് പിരിഞ്ഞു കിട്ടിയിട്ടുള്ളത്. ബാറുകളിലെയും, കള്ളുഷാപ്പുകളിലെയും വിൽപ്പനയ്ക്ക് എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടില്ല. മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) 939.78 കോടി രൂപയുടെ വർദ്ധനവുണ്ടായി. ഓരോ വിഭാഗത്തിലുള്ള വർദ്ധനവിന്റെ കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) സ്വകാര്യ മദ്യ വിൽപ്പന നിരോധനം നിലവിൽ വന്ന ആദ്യ വർഷം അതായത് 2001-2002-ൽ 2000-2001 അപേക്ഷിച്ച് 148.16 കോടി രൂപ വർദ്ധനവുണ്ടായി. 2002-2003 സാമ്പത്തിക വർഷത്തിൽ 2001-2002-നേക്കാൾ 151.43 കോടി രൂപ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ നേരത്തെ സ്വകാര്യ വ്യക്തികൾ നടത്തിയിരുന്ന ചില്ലറ വിൽപ്പന കെ.എസ്.ബി.സി. നടത്തിയതുകൊണ്ടു മാത്രമാണ് ഈ വർദ്ധനവ് എന്നു പറയാൻ പ്രയാസമാണ്.

തൊണ്ടി വസ്തു കൈമാറ്റം ചെയ്തതിനെതിരെ നടപടി

33 [3319] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടിയായി പിടിച്ച വിദേശമദ്യം കൈമാറ്റം ചെയ്ത് ലക്ഷങ്ങൾ സമ്പാദിക്കുകയും, ക്രൈംബ്രാഞ്ച് കേസുകളിൽ പ്രതിയുമായ ആരെയെങ്കിലും എക്സൈസ് അസിസ്റ്റന്റ് കമ്മീഷണറായി നിയമിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വൻതുക കൈക്കൂലി വാങ്ങി തിരുവനന്തപുരം പട്ടണത്തിൽ അനധികൃതമായി കള്ളുഷാപ്പ് ഗോഡൗൺ അനുവദിച്ചതിന്റെ പേരിൽ പ്രസ്തുത അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ വിജിലൻസ് അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ എത്ര വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണ് വിജിലൻസ് അന്വേഷണം തുടരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ബാധകമല്ല.

വ്യാജ ചാരായത്തിന്റെ നിർമ്മാണവും ഉൽപ്പാദനവും തടയുന്നതിന് നടപടികൾ

34 [3320] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ ഇപ്പോഴും വ്യാജ ചാരായത്തിന്റെ നിർമ്മാണവും ഉൽപ്പാദനവും നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 30 (3316) കാണുക.]

	ഡിസ്റ്റിലറികളുടെയും ബ്ലന്റിങ് യൂണിറ്റുകളുടെയും പേര്		ഉല്പാദനത്തിനുള്ള കപ്പാസിറ്റി (മാസത്തിൽ)
1.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, പത്തനംതിട്ട	..	20,000 കെയിസ്
2.	മാക്ഡവൽ ഡിസ്റ്റിലറി ചേർത്തല, ആലപ്പുഴ	..	2,25,000 കെയിസ്
3.	ഇൻഡോ-സ്കോട്ടിഷ് ബ്രാൻഡ് ഡിസ്റ്റിലറി, എറണാകുളം	..	7,20,000 കെയിസ്
4.	കെ. സി. ഡിസ്റ്റിലറി, തൃശ്ശൂർ	..	90,000 കെയിസ്
5.	പോർസൺ ഡിസ്റ്റിലറി, തൃശ്ശൂർ	..	2,70,000 കെയിസ്
6.	കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, പാലക്കാട്	..	നിശ്ചയിച്ചിട്ടില്ല.
7.	എസ്. സി. എഫ്. ഇൻഡസ്ട്രീസ്, തൃശ്ശൂർ	..	1,05,000 കെയിസ്
8.	യുണൈറ്റഡ് ഡിസ്റ്റിലറി, കോഴിക്കോട്	..	നിശ്ചയിച്ചിട്ടില്ല.
9.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി ആന്റ് അലൈഡ് പ്രോഡക്ട്സ്, തിരുവനന്തപുരം	..	20,000 കെയിസ്
10.	എലൈറ്റ് ഡിസ്റ്റിലറി, തൃശ്ശൂർ	..	1,20,000 കെയിസ്
11.	കേരള ഡിസ്റ്റിലറി, എ യൂണിറ്റ് ഓഫ് മഹാരാഷ്ട്ര ഡിസ്റ്റിലറി, പാലക്കാട്	..	1,10,000 കെയിസ്
12.	എം. പിസ് ഡിസ്റ്റിലറി പാലക്കാട്	..	1,80,000 കെയിസ്
13.	കേരള ആൾക്കഹോളിക് പ്രോഡക്ട്സ്, പാലക്കാട്	..	1,50,000 കെയിസ്
14.	അമൃത് ഡിസ്റ്റിലറി, പാലക്കാട്	..	1,50,000കെയിസ്
15.	കെ. എസ്. ഡിസ്റ്റിലറി, കണ്ണൂർ	..	1,00,000 കെയിസ്

അനുബന്ധം III

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 32 (3318) കാണുക.]

Statement showing the head war details of revenue collection

Item	*Collection* 2002-03	*Collection* 2001-02
(1)	(2)	(3)
Country Spirit/Rectified Spirit Excise duty	3815063	5730274
Country formated liquor Rent of Indepcndent Shops	236029153	235768420

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
Tree Tax and Addl. Tax	19553357	20852550
Duty on Malt liquor		
Duty and import fee on beer	90856724	82974362
Vending fee on beer	43816609	26029183
Foreign liquor and spirit		
Licence fee	809921729	893855362
Rent of Independent shops	1958900122	1018673906
Duty import fee, export fee	3220240983	2921687549
Planding fee on wine and spirit		
Vending fee	57012337	36047051
Commercial spirit	1920499	574039
Medicinal and Toilet preparation	1112353	856838
Opium and other drugs	513238	658813
Fins and confiscation		
Abkari	6055684	6375295
Other Items	5442456	3660718
Other receipts		
Miscellaneous	91997644	667622839
Interest	16682225	18667392
Beverages Corporation	523468	457189
Leave Salary and Pension contribution		
Remitted	232875	222270
Deposit	225452	
TOTAL	6564851981	5340914545

LIBRARY ARCHIVES Kerala Legislative Assembly